1

ഗ്രാമീണ ജീവിതാവിഷ്കാരം ബഷീർ കൃതികളിൽ

ഗവേഷണ രൂപരേഖ

വത്സലാദേവി. ജി.

ഒരു തനി നാട്ടിൻപുറത്തുകാരനായി ജനിക്കുകയും സമൂഹത്തിൽ ജീവിച്ചു കാണിക്കുകയും ചെയ്ത വ്യക്തിയായിരുന്നു ബഷീർ. സ്വാനുഭവങ്ങൾക്കു സമുചിതമായ രൂപം നൽകിയപ്പോൾ പിറവിയെടുത്തവയാണ് അദ്ദേഹത്തിന്റെ കൃതികൾ. ആ ഒരു പശ്ചാത്തലത്തെ മുൻനിർത്തിയാണ് ബഷീർ കൃതികളെ ഈ പ്രബന്ധത്തിൽ അപഗ്രഥനം ചെയ്തത്. അതിന്റെ അടിസ്ഥാനത്തിൽ ആ കൃതികളെ ഏറ്റവുമധികം ശ്രദ്ധേയവും ജനകീയവും ആക്കിയത് അവയിലെ ഗ്രാമത്തനിമയാർന്ന ജീവിതാവിഷ്കാരം തന്നെ എന്ന കണ്ടെത്തലാണ് പ്രബന്ധത്തിന്റെ കാതൽ.

'ഗ്രാമീണത' യുമായി ബന്ധപ്പെട്ടിരിക്കുന്ന വിഭിന്ന കാഴ്ച്ചപ്പാടുകളുടെ അടിസ്ഥാനത്തിലാണ് കൃതികളെ അപഗ്രഥിച്ചതും അധ്യായങ്ങളെ രൂപപ്പെടുത്തിയതും. 'ഗ്രാമീണ ജീവിതം' എന്ന ആമുഖ അധ്യായം കൂടാതെ, ബഷീറിന്റെ ജീവിതവും എഴുത്തിന്റെ വഴിയും, ഗാർഹിക ജീവിതാവിഷ്കാരം, ആചാരാനുഷ്ഠാനങ്ങൾ, കഥാപാത്രങ്ങൾ, ജീവിതോപാധികൾ, ബഷീർ കൃതികളിലെ ഭാഷ എന്നിങ്ങനെയുള്ള ഏഴദ്ധ്യായങ്ങളാണ് പ്രബന്ധത്തിലുള്ളത്. ഈ അധ്യായങ്ങളിലൂടെ സ്വാംശീകരിച്ചെടുത്ത പൊതുവായ നിഗമനങ്ങളെ താഴെ ക്രോഡീകരിക്കുന്നു.

1 മലയാളത്തിലെ എഴുത്തുകാരിൽ ഏറ്റവുമധികം അനുഭവസമ്പത്തുള്ള എഴുത്തുകാരനാണ് ബഷീർ. അതിനേക്കാളുപരി മനുഷ്യസ്നേഹിയും ദേശസ്നേഹിയും പ്രകൃതിസ്നേഹിയും കൂടിയായിരുന്നു അദ്ദേഹം. ഗ്രാമത്തിലേയും നഗരത്തിലേയും ജീവിതം അദ്ദേഹം നേരിട്ടനുഭവിച്ചറിഞ്ഞതാണ്. ആ അറിവാണ് അദ്ദേഹത്തിന്റെ കൃതികളുടെ അടിയൊഴുക്കായി വർത്തിച്ചത്.

2. ഗ്രാമീണ ജീവിതത്തിന്റെ ഈടിരിപ്പുകൾ എന്നു വിശേഷിപ്പിക്കാവുന്നതും ഗ്രാമീണ ജനത കാത്തുസംരക്ഷിച്ചുപോരുന്നതുമായ ജീവിതശൈലി, പരമ്പരാഗത തൊഴിൽ സമ്പ്രദായങ്ങൾ, തനതായ ആചാരാനുഷ്ഠാനങ്ങൾ, വിശ്വാസപ്രമാണങ്ങൾ, പരമ്പരാഗതമായ ഭാഷാശൈലി, സ്വഭാവത്തിലെയും പെരുമാറ്റത്തിലെയും അകൃത്രിമത്വം, ഗാർഹിക സാമൂഹിക ജീവിതത്തിന്റെ ചിട്ടപ്പെടുത്തലുകൾ ഒക്കെ ബഷീർ കൃതികളിൽ സജീവമായി നിലകൊള്ളുന്നു. ഈ ഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് അധ്യായങ്ങളെ രൂപപ്പെടുത്തിയിരിക്കുന്നത്.

3. ബഷീർ ജനിച്ചുവളർന്ന തലയോലപ്പറമ്പ് എന്ന ഗ്രാമവും അവിടുത്തെ സാധാരണക്കാരും പട്ടിണിപ്പാവങ്ങളുമായ നാട്ടുകാരും അതുവഴിയൊഴുകുന്ന മൂവാറ്റുപുഴയാറും ബഷീർകൃതികളിലെ ഗ്രാമസംസ്കൃതിയുടെ അടിയൊഴുക്കായി വർത്തിക്കുന്നു. സ്ഥലകഥകളിൽ വിവരിക്കുന്ന കടുവാക്കുഴി എന്ന ഗ്രാമവും അതിലെ കഥാപാത്രങ്ങളും പോലും പിറവിയെടുത്തത് ഈ ഗ്രാമത്തിൽ നിന്നുതന്നെയാണ്. സരളമായ ജീവിതം നയിച്ച ഗ്രാമ

ത്തെയും ഗ്രാമീണരേയുമാണ് ബഷീർ തന്റെ കൃതികളിൽ കോറിയിട്ടത്.

4. വിഭിന്ന ജാതിമത വിശ്വാസങ്ങളോടുകൂടിയ ജനത, തനതായ ജീവിതക്രമങ്ങളും കുടുംബവ്യവസ്ഥയും ഭാഷാശൈലിയും ഒക്കെ കാത്തുസൂക്ഷിക്കുമ്പോൾപ്പോലും ഇതര മത വിഭാഗങ്ങളെ അംഗീകരിക്കാനും അവരുടെ വിശ്വാസങ്ങളെ ആദരിക്കാനും ശ്രമിച്ചിരുന്നു. പരസ്പരാശ്രിതത്വവും സഹകരണ മനോഭാവവും ഗ്രാമജീവിതത്തിന്റെ അവിഭാജ്യ ഘടകം തന്നെയായിരുന്നു. അവശ്യവസ്തുക്കളും ഭക്ഷണ സാധനങ്ങളും അടുപ്പുകത്തിക്കാനുള്ള തീയ് പോലും അടുത്ത വീടുകളിൽ നിന്നും വാങ്ങി ഉപയോഗിച്ചിരുന്ന ഗ്രാമീണ സംസ്ക്കാരമാണ് ബഷീർ കൃതികളിൽ കാണാൻ സാധിക്കുന്നത്. ആ കൊടുക്കൽ വാങ്ങലുകളിലും പങ്കുവെയ്പ്പിലും ഗ്രാമത്തിന്റെ ചാരുതയല്ലാതെ കാപട്യത്തിന്റെയോ സ്വാർത്ഥതയുടെയോ അരോചകത്വമുണ്ടായിരുന്നില്ല.

5. പട്ടിണിയും നിസ്സഹായതയും ഗ്രാമീണ ജീവിതത്തിന്റെ പൊതു സ്വഭാവമായിരുന്നെങ്കിലും അത് ഏറ്റവും കൂടുതൽ അനുഭവിക്കേണ്ടിവന്നത് ഓരോ വീട്ടിലേയും സ്ത്രീകളായിരുന്നു. ആണുങ്ങൾക്കും കുട്ടികൾക്കുമായി ചോറു പകുത്തുനൽകുന്ന സ്ത്രീകൾ കഞ്ഞിവെള്ളവും കപ്പ പുഴുങ്ങിയതും കഴിച്ച് വിശപ്പടക്കുന്നത് ബഷീർ സ്വന്തം കുടുംബത്തിനകത്തുനിന്നുതന്നെ കണ്ടറിഞ്ഞു. സ്ത്രീധനത്തിന്റെയും സമ്പത്തിന്റെയും പേരിൽ സ്ത്രീയെ പട്ടിണിക്കിടുകയോ, അവളെ ദേഹോപദ്രവമേൽപ്പിക്കുകയോ ചെയ്യുന്നത് ഒരു സാധാരണ സംഭവമായി സ്ത്രീകൾ പോലും കണക്കാക്കി. 'ഓ അന്നാലും കെട്ടിയോനല്ലേ? ഒന്നു തൊയിച്ചാലെന്താ?' എന്നു സമാധാനിച്ചു ജീവിക്കേണ്ടവളാകുന്നു സ്ത്രീ എന്ന് സമൂഹം അവളെ ഓർമ്മിപ്പിച്ചുകൊണ്ടേയിരുന്നു. അതിന് ഹിന്ദുവെന്നോ, മുസ്ലീമെന്നോ ഉള്ള ഭേദം ഉണ്ടായിരുന്നില്ല.

6. ആട്, കോഴി തുടങ്ങിയ വളർത്തുമൃഗങ്ങളും, ബീഡിതെറുപ്പ്, തുന്നൽപ്പണി, തകരക്കച്ചവടം, അടയ്ക്കാക്കച്ചവടം, ചായക്കട തുടങ്ങിയ തൊഴിൽ മാർഗ്ഗങ്ങളും നാട്ടിൻപുറത്തിന്റെ ജീവനോപാധിയായിരുന്നു. കച്ചവടം മാത്രമല്ല, കൃഷി, കന്നുകാലി വളർത്തൽ തുടങ്ങിയ ഏതു തൊഴിലും ഇസ്ലാമിന് നിഷിദ്ധമല്ല എന്ന് ബഷീറിന്റെ കഥാപാത്രങ്ങൾ തെളിയിച്ചു. പ്രകൃതിയേയും കൃഷിയേയും സ്നേഹിക്കുന്ന ഒട്ടനവധി മികച്ച കഥാപാത്രങ്ങളെ ബഷീർ സൃഷ്ടിച്ചു. മുറത്തിൽ ഇലയും സുർക്കയും കത്രികയുമായി മാടക്കടകളിൽ സ്ഥാനം പിടിച്ചിരുന്ന ബീഡിതെറുപ്പുകാരും തയ്യൽ മെഷീനുമായി കടയുടെ വാതിൽക്കൽ ഉപഭോക്താക്കളെ കാത്തിരുന്ന തയ്യൽ തൊഴിലാളികളും നാട്ടിൻപുറത്തിന്റെ ജീവിതക്കാഴ്ചകളായിരുന്നു. പെട്രോമാക്സ് വിളക്കും സൈക്കിളും ഗ്രാമഫോണും ഒക്കെ വാടകയ്ക്കു കൊടുത്തും അവർ ജീവിതമാർഗ്ഗം കണ്ടെത്തി. മറ്റുവീടുകളിൽ വീട്ടുവേലയ്ക്കുപോയും കയറുപിരിച്ചും കിട്ടുന്ന വരുമാനം കൊണ്ട് നിത്യച്ചെലവു നടത്തുകയും കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുകയും ചെയ്തിരുന്ന സ്ത്രീകളെ ബഷീർ കൃതികളിൽ കാണാം.

7. ദാരിദ്ര്യത്തിന്റെ നടുവിൽ കഴിയുമ്പോഴും അലസതയും പൊങ്ങച്ചവും ഉപേക്ഷിക്കാൻ തയ്യാറാകാതിരുന്ന മുസ്ലിം ജനതയെ കാലത്തിനനുസരിച്ച് ജീവിക്കുവാനും മുന്നേറു

വാനും ബഷീർ ഉദ്ബോധിപ്പിച്ചു. മുസലിയാക്കന്മാരുടെ രാപ്രസംഗങ്ങളിൽ നിന്നും ലഭ്യമായ കേട്ടറിവുകളും കെട്ടുകഥകളും മാത്രമല്ല, വിശുദ്ധ ഖുർആന്റെ വെളിപ്പെടുത്തലുകൾ കൂടി മുസൽമാൻ അറിയേണ്ടിയിരിക്കുന്നു. എഴുത്തും വായനയും ഇസ്‌ലാമിനു നിഷിദ്ധമല്ലെന്നും അത് ജീവിതപുരോഗതിക്ക് അത്യാവശ്യമാണെന്നും വിശുദ്ധ ഖുർആന്റെ സാക്ഷ്യപ്പെടുത്തലോടുകൂടി ബഷീർ സ്വന്തം സമുദായത്തെ ഓർമ്മിപ്പിച്ചു.

8. ഇസ്‌ലാമിന്റേതുമാത്രമായ കാതുകുത്ത്, മാർക്കംകൂടൽ, ബഹുഭാര്യാത്വം, മൊഴിചൊല്ലൽ തുടങ്ങിയ ആചാരങ്ങളിലെ വസ്തുതകളും വിശ്വാസങ്ങളിലെ യുക്തിശൂന്യതയും സ്വന്തം കഥാപാത്രങ്ങളിലൂടെ ബഷീർ തുറന്നെഴുതി. വേദപുസ്തകത്തിന്റെയോ, പ്രവാചകന്റെയോ വെളിപ്പെടുത്തലുകളെ സ്വന്തം യുക്തിക്കനുസൃതമായി ദുർവ്യാഖ്യാനം ചെയ്ത് നിരക്ഷരരായ ജനതയെ അന്ധവിശ്വാസങ്ങളിലേയ്ക്ക് തള്ളിയിടാൻ കാലങ്ങളായി മതത്തിനു കഴിഞ്ഞിരുന്നു. ആ യുക്തിരാഹിത്യം ജനതയെ ബോധ്യപ്പെടുത്താൻ ബഷീർ ശ്രമിച്ചു. വേഷത്തിലും ഭാഷയിലും ജീവിതരീതിയിലും പൊതുസമൂഹത്തിൽ നിന്നും വിട്ടുനിന്നുകൊണ്ടല്ല മുസ്‌ലിമിന്റെ തനിമ നിലനിർത്തേണ്ടതെന്നും അവരിലൊരാളായി നിന്നുകൊണ്ടുതന്നെ ബഷീർ അവരെ ബോധ്യപ്പെടുത്താൻ ശ്രമിച്ചു. കാലത്തിനനുസരിച്ചു മാറാൻ തയ്യാറാവുകയും മാനുഷികതയും നന്മയും വിശുദ്ധിയും കാത്തുസൂക്ഷിക്കുകയും ചെയ്യുമ്പോഴാണ് ഒരുവൻ ഇസ്‌ലാമായി മാറുന്നതെന്ന് ബഷീർ തന്റെ സമുദായത്തെ ഓർമ്മിപ്പിച്ചു. ഇസ്‌ലാമിനുമാത്രമായി ഒരു വേഷമോ ഭാഷയോ ഇല്ലെന്നും സമൂഹത്തിന്റെ പൊതുധാരയിൽ നിന്നും വേറിട്ടുജീവിക്കേണ്ടവനല്ല ഇസ്‌ലാംഎന്നും അദ്ദേഹം വിശ്വസിച്ചു.

9. സാധാരണക്കാരന്റെ ജീവിതത്തെ പുറംമോടിയോ അടോപങ്ങളോ കൂടാതെ അവതരിപ്പിച്ച ബഷീർ അതിനുവേണ്ടി സ്വീകരിച്ച ഭാഷയും ആടോപങ്ങളില്ലാത്തതായിരുന്നു. ഔപചാരികവിദ്യാഭ്യാസമോ, വ്യാകരണ പാണ്ഡിത്യമോ ഇല്ലാതെയും വിശ്വസാഹിത്യകാരനാകുമെന്നു തെളിയിച്ച വ്യക്തിയാണ് ബഷീർ. തന്റെ സമുദായത്തിലെ പാമരന്മാരുടെ കഥ പറയാൻ ശ്രമിച്ച ബഷീർ, അവരുടെ മുൻനിരയിൽത്തന്നെ തന്റെ കുടുംബത്തെ പ്രതിഷ്ഠിക്കുകയും അവരുടെ ദാരിദ്ര്യവും അജ്ഞതയും സത്യസന്ധമായി അവതരിപ്പിക്കുകയും ചെയ്തു.

10. ബഷീറിന്റെ പ്രിയപ്പെട്ട കഥാപാത്രങ്ങളൊക്കെത്തന്നെ വിദ്യാഭ്യാസം നേടിയവരോ, വിദ്യാഭ്യാസത്തിന്റെ ആവശ്യകത ഉൾക്കൊണ്ടവരോ ആയിരുന്നു പരമ്പരാഗത വിശ്വാസങ്ങളിൽ മുഴുകി ജീവിച്ചിരുന്നവർ പോലും മാറ്റത്തിനു വിധേയമാകുന്ന കാഴ്ച ആ കൃതികളിൽ കാണാം. ഗ്രാമത്തനിമയാർന്ന എല്ലാ സ്വഭാവവിശേഷണങ്ങളും നിലനിർത്തിക്കൊണ്ടുതന്നെ ചിന്തിക്കാനും പ്രവർത്തിക്കാനും ശേഷിയുള്ള ഒരു ഗ്രാമീണ സമൂഹത്തെയാണ് ബഷീർ വിഭാവന ചെയ്തത്. സമൂഹത്തെയും സമുദായത്തെയും ദൂരെമാറിനിന്നു വീക്ഷിക്കാതെ, അതിന്റെ ആഴങ്ങളിലേയ്ക്കിറങ്ങി അതിലൊരാളായിത്തന്നെ ജീവിക്കുകയും ആ ജീവിതത്തെ അപ്പാടെ രചനകളിലേയ്ക്കു പകർത്തുകയുമാണ് ബഷീർ ചെയ്തത്.

11. സ്ഥലകഥകളിലെ ഇരട്ടപ്പേരുകളിലറിയപ്പെടുന്ന കഥാപാത്രങ്ങളും ഇരട്ടപ്പേരു ചാർത്തി

ക്കൊടുക്കുന്ന സമൂഹവും അവിടുത്തെ വാർത്താവിതരണ കേന്ദ്രം കൂടിയായ ചായക്കടയും തനതു സ്വഭാവവിശേഷങ്ങളോടുകൂടിയ കള്ളനും പോക്കിരിയും പോക്കറ്റടിക്കാരനും മുച്ചീട്ടുകളിക്കാരനും ഒക്കെ ആ ഇത്തിരിവട്ടത്തിനകത്തു സ്വന്തം തട്ടകം പണിതുയർത്തിയിട്ടുണ്ട്. അതൊക്കെയും തലയോലപ്പറമ്പിന്റെതന്നെ സൃഷ്ടികളാണെന്നും ബഷീർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഗ്രാമത്തിന്റെ സ്വകാര്യതകളിൽ ജാതിമത വ്യത്യാസമോ, വലിപ്പച്ചെറുപ്പമോ ഇല്ലാതെ ഒത്തൊരുമയോടുകൂടി തീരുമാനങ്ങൾ എടുക്കുന്ന അവർ 'വരത്തന്മാരെ സൂക്ഷിക്കണ'മെന്ന ഒരു വലിയ പാഠം കൂടി ജീവിതത്തിൽ പ്രാവർത്തികമാക്കുന്നു. ഓരോ നാടിന്റെയും സംസ്കൃതി ചോർന്നുപോകാതെയും പരദേശികൾക്ക് അടിയറവു വെയ്ക്കാതെയും കാത്തുസംരക്ഷിക്കേണ്ടത് അതാതു നാടിന്റെ ഉത്തരവാദിത്വമാണെന്ന് പുറംലോകം കണ്ടിട്ടില്ലാത്ത അവർ മനസ്സിലാക്കുന്നു.

12. ജീവിതത്തിന്റെ മഹത്തായ മൂല്യം സഹജീവികളോടുള്ള കാരുണ്യമാണെന്ന് സ്വന്തം ജീവിതത്തിൽക്കൂടി തെളിയിച്ച വ്യക്തിയാണ് ബഷീർ. വൃക്ഷങ്ങളേയും പാമ്പിനേയും പഴുതാരയേയും പുഴുക്കളേയും പുൽച്ചെടിയേയും വരെ സ്നേഹിക്കാനും തന്റെ ജീവിതസാഹചര്യങ്ങൾ പോലും അവർക്കുവേണ്ടി മാറ്റിവയ്ക്കാനും ബഷീറിനു സാധിക്കുന്നു. ഗ്രാമസംസ്കൃതിയുടെ ഭാഗമാണത്. തന്റെ വസ്ത്രത്തിനകത്തു കയറിപ്പറ്റിയ കരിന്തേളിനെ രക്ഷപെടുത്താൻ വേണ്ടി ഉമ്മ സഹിച്ച ത്യാഗംതന്നെയാണ് പിൽക്കാലത്ത് ബഷീറിന്റെ സഹജീവിസ്നേഹത്തിന് പ്രചോദനമേകിയത്.

13. തന്റെ ഉമ്മായുടെ മാത്രമല്ല, അയൽപക്കത്തുള്ള നങ്ങേലി, മാധവി, മോരുകാരി സരസ്വതിയമ്മ, ഏലിക്കുട്ടി തുടങ്ങി പലരുടേയും മുലകുടിച്ചുവളർന്ന ബഷീറിന്റെ അത്തരം വെളിപ്പെടുത്തലുകളിൽ പഴയകാല ഗ്രാമജീവിതത്തിന്റെ സവിശേഷതയാണ് വെളിവാകുന്നത്. സ്വന്തം കുഞ്ഞുങ്ങളെപ്പോലെതന്നെ, കരയുന്ന മറ്റുകുഞ്ഞുങ്ങൾക്കും നമ്മുടെ അമ്മമാരുടെ മാതൃത്വം പാലൂട്ടിയിരുന്നു. സ്വന്തം മക്കളോടെന്നപോലെ തന്നെ മുലയൂട്ടി വളർത്തിയ സ്വാതന്ത്ര്യവും സ്നേഹവും ആ മാതൃപുത്രബന്ധത്തിനുണ്ടായിരുന്നു. ഇല്ലായ്മയുടെ അവസരങ്ങളിൽ ആ പുത്രന്മാരോട് അവകാശത്തോടുകൂടിത്തന്നെ സഹായം ആവശ്യപ്പെടാനുള്ള വൈകാരികതയും മതാതീതമായ ഊഷ്മളതയും ആ മാതൃപുത്രബന്ധത്തിൽ ദർശിക്കാൻ സാധിക്കും.

14. ഹിന്ദു മുസ്‌ലിം ക്രിസ്ത്യൻ ഭേദമില്ലാതെ ബഷീറും ശങ്കരൻ നായരും മാത്തുപ്പിള്ളയും കൂടി, ചതച്ച കാന്താരിമുളകും ഉപ്പും വെളിച്ചെണ്ണയും കൂട്ടിച്ചേർത്ത നല്ല എരിവുള്ള ചട്ണി കൂട്ടി ശങ്കരൻനായരുടെ പറമ്പിൽ വളർന്ന റൊട്ടിക്കപ്പ പുഴുങ്ങിക്കഴിക്കുമ്പോഴുള്ള ആ മാനവികതയിലും കൂട്ടായ്മയിലുമാണ് ഗ്രാമീണജീവിതത്തിന്റെ നന്മയും തനിമയും നിലകൊള്ളുന്നത്.

15. അടുത്ത വീട്ടിലെ കിട്ടൻ ചേകോന്റെ ആരാധനാമൂർത്തികളെ, തൊട്ടടുത്ത മുസ്‌ലീമിന്റെ (ബഷീറിന്റെ ഉമ്മയുടെ) പറമ്പിൽ യാതൊരു ഭംഗവും കൂടാതെ സംരക്ഷിക്കപ്പെടുന്നതും വലിയ നായർ തറവാട്ടിലെ കാരണവരായ പരമുശ്ശാരും മുസൽമാനായ ബഷീറിന്റെ ഉപ്പുപ്പായും തമ്മിലുണ്ടായിരുന്ന ആത്മബന്ധവും പഴയകാലനാട്ടിൻപുറങ്ങളിലെ മതാതീത

മായ മനുഷ്യബന്ധങ്ങളുടെ ഇഴയടുപ്പം നമ്മെ ബോദ്ധ്യപ്പെടുത്തുന്നു.

16. ബഷീറിന്റെ പുരുഷകഥാപാത്രങ്ങൾ ചായക്കടകളിൽ പോയിരുന്നു നാട്ടുവിശേഷങ്ങൾ പറയുന്നതും സ്ത്രീകഥാപാത്രങ്ങൾ അയൽവീടുകളിൽ പോയിരുന്നു വർത്തമാനം പറയുന്നതും ഗ്രാമഫോൺ പാട്ടുകേൾക്കുന്നതും കുട്ടികളെ കളിപ്പിക്കുന്നതും ഒക്കെ ഗ്രാമസംസ്കൃതിയുടെ ഭാഗമാണ്. സ്വന്തം വേലിക്കെട്ടുകൾക്കകത്ത് ഒതുങ്ങിക്കൂടുന്നവരല്ല അവർ.

17. ബഷീറിന്റെ ബേപ്പൂരിലെ വൈലാലിൽ വീട്ടിലേയ്ക്കുള്ള നടവഴിയിലെ വെള്ളക്കെട്ട് മാറ്റാനോ, പൂഴിയിട്ടു നികത്തി റോഡിന്റെ വീതികൂട്ടാനോ ബഷീർ തയ്യാറാകാത്തത് ഗ്രാമീണ ചൈതന്യം മനസ്സിൽ നിലനിൽക്കുന്നതുകൊണ്ടാണ്. ഭൗതിക ജീവിത സൗകര്യങ്ങൾ സ്വന്തമാക്കാൻ അദ്ദേഹം വിമുഖത കാണിച്ചത് ആ ഗ്രാമസംസ്കൃതി കാരണമാണ്; മറ്റുള്ളവരിൽ ഒരുവൻ മാത്രമായി ജീവിക്കാൻ ആഗ്രഹിച്ചതുകൊണ്ടാണ്. ആ വെള്ളക്കെട്ടും ഇടവഴിയും ബഷീറിന് തന്റെ നാടിന്റെ സംസ്ക്കാരത്തിന്റെ ഭാഗമായിരുന്നു.

18. മനുഷ്യനിൽ നിന്നും പരസ്പര സ്നേഹവും സഹാനുഭൂതിയും ആർദ്രതയും നഷ്ടപ്പെടുമ്പോഴാണ് അവനിലെ ഗ്രാമീണതയും കൈമോശം വരുന്നത്. പലപ്പോഴും ആധുനിക സൗകര്യങ്ങളാണ് അവനെ സ്വാർത്ഥനാക്കിമാറ്റുന്നത്. കൂടുതൽ കൂടുതൽ സൗകര്യങ്ങളോടുള്ള ആഭിമുഖ്യം അവനെ കൂടുതൽ സ്വാർത്ഥനാക്കുകയും നാഗരികതയോടടുപ്പിക്കുകയും ചെയ്യുന്നു.

അടുത്തവീട്ടിലെ വേലക്കാരിയെ പ്രലോഭിപ്പിച്ച് സ്വന്തം വീട്ടിൽ നിർത്തുന്നതും അവരിൽക്കൂടി രഹസ്യങ്ങൾ ചോർത്തിയെടുക്കുന്നതും നാഗരികമായ കപടസംസ്ക്കാരത്തിന്റെ ഭാഗമാണ്. സ്ത്രീസ്വാതന്ത്ര്യത്തിനും അവരുടെ അവകാശങ്ങൾക്കും വേണ്ടി ശബ്ദമുയർത്തുന്നവർ തന്നെ സ്വന്തം വീട്ടിലെ ജോലിക്കാരിക്ക് നല്ല വസ്ത്രങ്ങളോ ഭക്ഷണമോ പോലും കൊടുക്കാത്തത് നാഗരികമായ സ്വാർത്ഥതയുടെ തെളിവാണ്. ഒരേ സമയം ഒട്ടേറെ കാമുകന്മാരെ സ്നേഹിക്കുകയും അവരെ പരസ്പരം കൊല്ലിക്കുകയും ചെയ്യുന്നത് ഗ്രാമസംസ്ക്കാരത്തിന് അന്യമാണ്. ആദർശം പ്രസംഗിക്കുകയും ആദർശവനിതയായി മറ്റുള്ളവരുടെ മുന്നിൽ നിലകൊള്ളുകയും ചെയ്യുമ്പോൾത്തന്നെ സ്വന്തം സുഖഭോഗങ്ങൾക്കുവേണ്ടിമാത്രം ആ സ്ഥാനമാനങ്ങൾ വിനിയോഗിക്കുകയും സ്വന്തം പിതാവിനെപ്പോലും വഞ്ചിക്കുകയും ചെയ്യുന്നത് നഗരസംസ്ക്കാരമാണ്. ഭർത്താവിനെ ഒഴിവാക്കി കാമുകനോടൊപ്പം ജീവിക്കുകയും ഭർത്താവിനെ കൊല്ലാൻ കൂട്ടുനിൽക്കുകയും ചെയ്യുന്നത് നാഗരികതയുടെ ഭാഗമാണ്. രാത്രിയുടെ മറവിൽ നിശാക്ലബ്ബുകളിലും വേശ്യാലയങ്ങളിലും അഭയം പ്രാപിക്കുന്നത് നഗരസംസ്ക്കാരത്തിന്റെ ഭാഗമാണ്. സ്വന്തം മതിലിനപ്പുറമുള്ള കാര്യങ്ങളൊന്നും ഒരുവനെ സ്പർശിക്കുന്നില്ലെങ്കിൽ അവിടെ ഗ്രാമീണത ഇല്ലെന്നുതന്നെ പറയാം. വിശന്നുവലഞ്ഞുവരുന്ന കുഞ്ഞുങ്ങൾക്ക് കള്ളനാണയം കൊടുത്തു പൊട്ടിച്ചിരിക്കുന്ന സംസ്ക്കാരം ഒരിക്കലും ഗ്രാമത്തിന്റേതല്ല. അതു നഗരത്തിന്റെ പൊള്ളയായ കാപട്യമാണ്; സമ്പത്തിന്റെ അഹങ്കാരമാണ്. അവന് മനുഷ്യന്റെ മനസ്സറിയില്ല. വിശക്കുന്നവന്റെ വേദനയറിയില്ല.

ചുരുക്കത്തിൽ ഗ്രാമീണതയും നാഗരികതയും രണ്ടു സംസ്ക്കാരത്തെ പ്രതിനിധാനം ചെയ്യുന്നു. നഗരത്തിൽ വസിക്കുന്നവരെ നാഗരികരെന്നോ, ഗ്രാമത്തിൽ വസിക്കുന്നവരെ ഗ്രാമീണരെന്നോ ഉള്ള കാഴ്ച്ചപ്പാടല്ല പ്രബന്ധത്തിൽ സ്വീകരിച്ചിരിക്കുന്നത്. എവിടുത്തെയും മനുഷ്യർ ഒന്നായിരിക്കെത്തന്നെ അവന്റെ ജീവിത കാഴ്ചപ്പാടിലും പെരുമാറ്റത്തിലും സ്വഭാവത്തിലുമുള്ള വ്യതിയാനം അവന്റെ സംസ്ക്കാരത്തെയും ബാധിക്കുന്നു. നഗരത്തിൽ ജീവിക്കുമ്പോൾത്തന്നെ ഗ്രാമീണ സംസ്കൃതി കാത്തുസൂക്ഷിക്കുന്നവരുണ്ട്. ഗ്രാമത്തിനകത്തുതന്നെ നാഗരികത നിലനിർത്തുന്നവരെയും നമുക്കു സമൂഹത്തിൽ കാണാം. ഈ രണ്ടു സംസ്ക്കാരവും ബഷീർ നേരിട്ടറിയുകയും അനുഭവിക്കുകയും ചെയ്തതാണ്. രണ്ടും തമ്മിലുള്ള അന്തരം ബഷീറിനു നന്നായി അറിയാം. നഗരജീവിതം ആവിഷ്കരിക്കുമ്പോഴും അതിൽക്കൂടി ഗ്രാമജീവിതത്തിനു പരഭാഗശോഭ നേടിക്കൊടുക്കുകയാണ് ബഷീർ ചെയ്തത്. പശുവിനെയും പാമ്പിനേയും വവ്വാലിനേയും വൃക്ഷത്തെയും ഒക്കെ സ്നേഹിക്കുകയും അവയിൽ ഈശ്വരാംശം ആരോപിക്കുകയും അവയ്ക്കൊക്കെ സ്വൈരവിഹാരം ചെയ്യാൻവേണ്ടി സർപ്പക്കാവുകളും കുളങ്ങളും ഒരുക്കിക്കൊടുക്കുകയും ചെയ്ത സംസ്ക്കാരമാണ് നമ്മുടേത്. തന്റെ ജീവിതത്തിൽ ബഷീർ ചെയ്തതും അതുതന്നെ. ആ സംസ്ക്കാരത്തിന്റെ പശ്ചാത്തലത്തിൽ നിന്നുകൊണ്ടെഴുതിയ അദ്ദേഹത്തിന്റെ കൃതികളുടെ അന്തർധാരയായി നിലകൊള്ളുന്നതും ആ ഗ്രാമ സംസ്കൃതിതന്നെ.